# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുറവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ .എസ് .എ .ഇ.കെ.എം(പി 4)1330/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ .എസ് .എ .ഇ.കെ.എം(പി 4)1330/2023 തീയ്യതി: 02/11/2023

## എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 10-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2023 | 10-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീമതി.കവിതാദേവി.വി, ഓഡിറ്റ് ഓഫീസർ
2)ശ്രീ.പ്രസാദ് പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3)ശ്രീ.ഷറഫുദ്ദീൻ എസ് എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4)ശ്രീ.സന്തോഷ് കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
5)ശ്രീ.കിരൺ കെ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജിനി രാജീവ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷാജിത ബീഗം | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീജ.ടി.ആർ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.കാർത്തിക വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനപ്രിയ | അസിസ്റ്റനറ് എഞ്ചിനീയർ | 01-04-2022 | 17-10-2022 |
| ശ്രീ.ഹെറി തോമസ് | അസിസ്റ്റനറ് എഞ്ചിനീയർ | 18-10-2022 | 31-03-2023 |
| ഡോ.പ്രിയമാത്യൂ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൈനബ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി.മനീഷ റ്റി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ശ്രീ.റെജി.ടി.ആർ | വി ഇ ഒ - തുറവൂർ | 01-04-2022 | 19-07-2022 |
| ശ്രീമതി.ജാസ്മി പോൾ | വി ഇ ഒ - തുറവൂർ | 20-07-2022 | 31-03-2023 |
| ശ്രീമതി.ആനി സെബാസ്റ്റ്യൻ | വി ഇ ഒ - കിടങ്ങൂർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത്.ഇ.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അരുൺ ബി കൃഷ്ണ | മെഡിക്കൽ ഓഫീസർ( എഫ്.എച്ച്.സി) | 01-04-2022 | 12-12-2022 |
| ഡോ.സംഗീത എം.എ | മെഡിക്കൽ ഓഫീസർ( എഫ്.എച്ച്.സി) | 13-12-2022 | 31-03-2023 |
| ഡോ.ചിത്രു വേലായുധൻ | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Surplus Of Income Over Expenditure ബാലൻസ് ഷീറ്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വസ്തുനികുതി നീക്കിയിരിപ്പ് തുക വാർഷിക കണക്കിലും സഞ്ചയയിലും വ്യത്യസ്തം | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസും, രജിസ്റ്റർ പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഇ ടെണ്ടർ ഫീസ്-വരുമാന വിവരം അക്കൗണ്ട്സിൽ ചേർത്തിട്ടില്ല. | 1-1-7 |
| 9 | സി.എഫ്.സി ഗ്രാന്റിന്റെ ലെഡ്ജറിലെയും ബാങ്കുബുക്കിലെയും നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച മുഴുവൻ തുകയും അക്കൗണ്ട്സിൽ വരവ് വന്നിട്ടില്ല. | 1-1-9 |
| 11 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂറായി നൽകിയ തുക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം. | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തനതു വരുമാനം - അവലോകനം | 1-11 |
| 22 | വസ്തു നികുതി നിർണയം-പൂർത്തീകരണ പ്ലാനും അസസ്മെന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-12 |
| 23 | വസ്തു നികുതി - വഴി സൗകര്യത്തിനനുസൃതമായി വർദ്ധനവ് നൽകിയില്ല | 1-13 |
| 24 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 25 | സ്ഥാപനങ്ങളുടെ ലൈസൻസ് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. | 1-15 |
| 26 | പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് -നെ അറിയിക്കുന്നതിനായി പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |

| | | |
|---|---|---|
| 27 | വിളകളിൽ കീടരോഗ നിയന്ത്രണം-സ്പ്രേയർ വാങ്ങൽ-അപാകതകൾ | 1-17 |
| 28 | ശുചിത്വം-ഐ ഇ സി പ്രവർത്തനങ്ങൾക്ക് ചെലവായ തുക-അപാകതകൾ | 1-18 |
| 29 | ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് -അപാകതകൾ | 1-19 |
| 30 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്- തുക കൈമാറൽ- വിനിയോഗവിവരം ലഭ്യമല്ല. | 1-20 |
| 31 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ | 1-21 |
| 32 | വാഹന ഇൻഷുറൻസ്-അപാകത | 1-22 |
| 33 | കുഴൽകിണർ നിർമ്മാണം-രേഖകൾ ലഭ്യമാക്കണം | 1-23 |
| 34 | തെരുവ് വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറ്റേണ്ടതാണ്. | 1-24 |
| 35 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് മുഴുവൻ ലഭ്യമായില്ല | 1-25 |
| 36 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 1-26 |
| 37 | പട്ടികജാതി വിഭാഗക്കാർക്ക് വിവാഹധനസഹായം- ₹50,000/- അധികച്ചെലവ് | 1-27 |
| 38 | ഹരിതകർമ്മസേനക്ക് വാഹനവും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-28 |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-അവലോകനം | 1-29 |
| 40 | ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല | 1-30 |
| 41 | മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല | 1-31 |
| 42 | മരാമത്ത് പ്രവൃത്തികൾ- എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല | 1-32 |
| 43 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പട്ടികജാതി വിഭാഗക്കാർക്ക് വിവാഹധനസഹായം-₹ 50,000/- അധികച്ചെലവ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ (3) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 02.11.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)1,30,673/- യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹13,72,670/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ യഥാസമയം രേഖപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

### 1-1-4 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Surplus Of Income Over Expenditure ബാലൻസ് ഷീറ്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Surplus Of Income Over Expenditure ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വന്നിരിക്കുന്നത്. ഇവ രണ്ടും പൊരുത്തപ്പെടേണ്ടതാണ്.

1-1-5 വസ്തുനികുതി നീക്കിയിരിപ്പ് തുക വാർഷിക കണക്കിലും സഞ്ചയയിലും വ്യത്യസ്തം

വസ്തുനികുതി കുടിശ്ശിക സഞ്ചയ പ്രകാരമുള്ള തുകയും വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസും, രജിസ്റ്റർ പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ലെഡ്ജറും ബാങ്ക് ബുക്കും പ്രകാരമുള്ള ബാലൻസ് തുക ₹12,859/- ആണ്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് ₹12,854/- മാത്രമാണ്. ബാങ്ക് ചാർജസ്സ് ₹5/- ചെലവിൽ കണക്കിലെടുക്കാൻ വിട്ടുപോയതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നതെന്ന് അറിയിച്ചു. അപാകത പരിഹരിക്കേണ്ടതാണ്.

1-1-7 ഇ ടെണ്ടർ ഫീസ്-വരുമാന വിവരം അക്കൗണ്ട്സിൽ ചേർത്തിട്ടില്ല.

ഇ-ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിലേക്ക് ലഭിക്കേണ്ട വരുമാനത്തിന്റെ കണക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 സി.എഫ്.സി ഗ്രാന്റിന്റെ ലെഡ്ജറിലെയും ബാങ്കുബുക്കിലെയും നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഗ്രാന്റിന്റെ ലെഡ്ജർ പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് ₹31,37,087/- ആണ് (ബേസിക്+ടൈഡ് ഗ്രാന്റ്). എന്നാൽ ബന്ധപ്പെട്ട ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ് ₹31,90,747/- ആണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയില്ല.

1-1-9 ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച മുഴവൻ തുകയും അക്കൗണ്ട്സിൽ വരവ് വന്നിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച മുഴവൻ തുകയും അക്കൗണ്ട്സിൽ വരവ് വന്നിട്ടില്ല. സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ബ്ലോക്ക് വിഹിതമായി ലഭിച്ചത് ₹55,67,176/- ആണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ ₹49,98,986/- മാത്രമേ വരവായി എടുത്തിട്ടുള്ളൂ. അപാകതക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

1-1-10 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂറായി നൽകിയ തുക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയില്ല

കെ.എസ്.ഇ.ബി യ്ക്ക് മുൻകൂറായി നൽകിയ തുക ധനകാര്യപത്രികയിൽ ബന്ധപ്പെട്ട ഹെഡിൽ പ്രതിഫലിക്കുന്നില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 19.03.2022 തീയതിയിലെ (1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 03.03.2023 തീയതിയിലെ 7(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് – റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം(₹) | റിവൈസ്ഡ് ബജറ്റ് പ്രകാരം(₹) |
|---|---|---|
| പ്രാരംഭ ബാക്കി | 27,16,807.57 | 1,74,73,598.93 |
| വരവ് | 18,93,89,590.00 | 20,12,31,888.00 |
| ആകെ | 19,21,06,397.57 | 21,87,05,486.93 |
| ചെലവ് | 19,03,72,052.00 | 20,09,01,420.10 |
| നീക്കിയിരിപ്പ് | 17,34,345.57 | 1,78,04,066.83 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും അക്കൗണ്ട്സ് ഡബിൾ എൻട്രിയിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റും അക്കൗണ്ട്സും തമ്മിലുള്ള താരതമ്യം അസാധ്യമാണ്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് (₹) | 1,29,63,242.52 |
| വരവ് (₹) | 3,33,56,687.00 |
| ആകെ (₹) | 4,63,19,929.52 |

| | |
|---|---|
| ചെലവ് (₹) | 3,34,87,360.00 |
| നീക്കിയിരിപ്പ് (₹) | 1,28,32,569.52 |

വരവ് – ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | വരവ് (അലോട്ട്മെന്റ്) (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 1,88,26,000 | 1,88,26,000 | 1,71,28,002 | 16,97,998 | 0 |
| വികസന ഫണ്ട്- എസ്.സി.പി. | 0 | 35,43,377 | 35,43,377 | 33,82,918 | 1,60,459 | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | 1,65,41,000 | 1,65,41,000 | 1,64,45,079 | 95,921 | 0 |
| സംരക്ഷണ ഗ്രാന്റ്- നോൺറോഡ് | 0 | 45,70,000 | 45,70,000 | 45,70,000 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic- ട്രഷറി | 0 | 53,843 | 53,843 | 0 | 53,843 | 0 |
| 320200104- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic- Bank | 3,94,517 | 24,86,440* | 28,80,957 | 9,74,357 | 0 | 19,06,600 |
| 320200113- ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied- Bank | 23,48,732 | 34,69,000 | 58,17,732 | 45,99,681 | 0 | 12,18,051 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied- ട്രഷറി | 0 | 29,81,250 | 29,81,250 | 17,28,961 | 12,52,289 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം- 320100125 | 2,49,836 | 15,94,862 | 18,44,698 | 2,19,446 | 0 | 16,25,252 |
| 320100160- Life Mission- State Share | 1,00,000 | 0 | 1,00,000 | 0 | 0 | 1,00,000 |
| 320100181- Total Sanitation Campaign | 2,58,797 | 0 | 2,58,797 | 2,58,797 | 0 | 0 |
| 320300103- Other Govt Agencies- Total Sanitation | 79,507 | 0 | 79,507 | 2,635 | 0 | 76,872 |
| 320100202- Health | 0 | 2,11,445 | 2,11,445 | 2,07,739 | 0 | 3,706 |

| | | | | | | |
|---|---|---|---|---|---|---|
| Grant Towards Diagnostic Infrastructure | | | | | | |
| 320100204-health Grant Towards Conversion Of PHCs In To | 0 | 81,381 | 81,381 | 79,986 | 0 | 1,395 |

* പലിശ ₹1,73,440/- ഉൾപ്പെടെ .

320200113-Central Finance Commission Tied Grand – നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. മരാമത്ത് പ്രവൃത്തിയിലെ നികുതി വിഹിതം യഥാസമയം അടവാക്കാതിരുന്നതാണ് വ്യത്യാസത്തിന് കാരണമായി പറഞ്ഞത്. അതുപോലെ ലെഡ്ജർ ബാലൻസും ബന്ധപ്പെട്ട ബാങ്ക് ബുക്കുമായും വ്യത്യാസമുണ്ട്. അതിന് വിശദീകരണം ലഭ്യമായില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർത്തിയാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 203 | 10,96,66,619 | 196 | 6,77,91,710 | 143 | 53 | 7 | 70.44 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | തൻവർഷ വരവ് (₹) | ആകെ വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5,87,594 | 5,89,673 | 11,77,267 | 11,64,408 | 12,859 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,83,60,754 | 1,83,60,754 | 183,60,754 | 0 |
| ആകെ | 5,87,594 | 1,89,50,427 | 1,95,38,021 | 1,95,25,162 | 12,859 |

തൊഴിലുറപ്പ് പദ്ധതി ക്യാഷ്ബുക്ക് പ്രകാരം ₹12,854/- യാണ് നീക്കിയിരിപ്പ്. ബാങ്ക് ചാർജ്ജസായി വന്ന ₹5/- വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് വ്യത്യാസമുണ്ടായിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 14,92,400 | 136 |
| വിധവാപെൻഷൻ | 1,04,15,500 | 979 |
| വാർദ്ധക്യകാലപെൻഷൻ | 2,33,32,200 | 2404 |
| വികലാംഗപെൻഷൻ | 31,79,700 | 291 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 7,16,600 | 66 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 3,00,000 | 10 |

| | | |
|---|---|---|
| വിവാഹധനസഹായം | | |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,17,453/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല. അക്കൗണ്ട് കറക്ഷൻ വരുത്തുന്നതിന് പലപ്പോഴും ജേണൽ എൻട്രീസ് ഇടുന്നുണ്ട്. എന്നാൽ ഇതിന് കൃത്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താത്തതിനാൽ ആവിഷ്കരിച്ച മിക്ക മരാമത്ത് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനായിട്ടില്ല.

5. മറ്റ് വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, ഡെപ്പോസിറ്റുകൾ, മറ്റ് ബാധ്യതകൾ എന്നിവ തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. നിലവിൽ പഞ്ചായത്തിന്റെ തനത് ആവശ്യങ്ങൾക്കായുള്ള ചെലവുകൾ മേൽ സൂചിപ്പിച്ച പ്രത്യേക ഉദ്ദേശ്യ അക്കൗണ്ടുകളിൽ നിന്നും ചെലവാക്കുന്നുണ്ട്. ആയതുകൊണ്ട്, തനത് ഫണ്ട് ഇനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും നിയമം അനുശാസിക്കുന്ന പുതിയ തനത് ഫണ്ട് സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

6.പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.06.2022 | 04/2022-05/2022 | തദ്ദേശസ്വയംഭരണവകുപ്പ് ഏകീകരിച്ചതിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2014 | 2009-10 മുതൽ 2013-14 വരെ | 20.10.2014 |

1-11 തനതു വരുമാനം - അവലോകനം

ആകെ 14 വാർഡുകളിലായി വ്യാപിച്ചാണ് തുറവൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)വസ്തു നികുതി

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പിരിവ് അഭിനന്ദനാർഹമാണ്. ബാലൻസ് ഷീറ്റ് പ്രകാരം നൂറുശതമാനത്തിനടുത്ത് വസ്തു നികുതി പിരിച്ചെടുക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എല്ലാ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗുകളിലും വസ്തുനികുതി പിരിവിന്റെ പുരോഗതി സംബന്ധിച്ച് ചർച്ച ചെയ്തിട്ടുള്ളതായി സ്റ്റാന്റിംഗ് കമ്മിറ്റി മിനുറ്റ്സ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. ആയതിൽ സ്റ്റാന്റിംഗ് കമ്മിറ്റി സത്വര ഇടപെടൽ നടത്തിയിട്ടുണ്ട്.
സ.ഉ25/2023/തസ്വഭവ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതു പ്രകാരം 18.04.2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഞ്ചയ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വരെ നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ് നടത്തിയിട്ടുള്ള പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

2)പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പ്രസ്തുത പരിശോധനയിലൂടെ വസ്തുനികുതി ഇനത്തിലൂടെയുള്ള നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.

3)സേവന ഉപനികുതി ചുമത്തൽ

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ (ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ്) അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് കമ്മിറ്റിക്ക് പരിശോധിക്കാവുന്നതാണ്.

4)വാടക

പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിന്റെ വാടക ഇനത്തിലെ മുഴുവൻ തുകയും നടപ്പു സാമ്പത്തിക വർഷം പഞ്ചായത്ത് പിരിച്ചെടുത്തിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും നിലവിലെ വാടകയിന്മേൽ 5% വർദ്ധനവ് വരുത്തുന്നുണ്ട്.

5)തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല.

6)IFTE & OS ലൈസൻസ്

IFTEA&OS വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. സഞ്ചയ പ്രകാരം നിരവധി കെട്ടിടങ്ങൾ വാണിജ്യ-വ്യവയായ ഉപയോഗക്രമത്തിലുണ്ടെങ്കിലും ആയതിന് ആനുപാതികമായി പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ല. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിനനുസൃതമായി എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തനതു വരുമാനം – വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 വസ്തു നികുതി നിർണയം-പൂർത്തീകരണ പ്ലാനും അസസ്മെന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2011, 2019 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയിച്ചതുമായ കെട്ടിടങ്ങളുടെ 2022-23 വർഷത്തെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത കണ്ടെത്തി.

*പൂർത്തീകരണ പ്ലാനും അസസ്മെന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| ക്രമ നം | ഫയൽ നം/വിശദാംശങ്ങൾ | നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ/ ഉപയോഗക്രമം | നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം (പ്ലാൻ പ്രകാരം) | നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം (സഞ്ചയ | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | പ്രകാരം) | |
| 1 | ഫയൽ നമ്പർ - SC1-2837/22 തീയതി: 26/07/2022<br>കെട്ടിട ഉടമ – എ.വി.ജോൺസൺ ഭാര്യ ജിജി, എൽസി, അവ്വപ്പാടൻ വീട്, തുറവൂർ<br>പുതിയ കെട്ടിട നമ്പർ - 14/57 B മുതൽ H വരെ<br>ഉപയോഗക്രമം - വാണിജ്യം & പാർപ്പിടം<br>സർവ്വേ നം : S 561/6 | 14/57 പാർപ്പിടം | 259.14 ച.മീ (താഴത്തെ നില – 180.41 ച.മീ., ഒന്നാം നില – 78.73 ച.മീ.) | 134.49 ച.മീ | 124.65 ച.മീ |

മേൽ കെട്ടിടത്തിന്റെ അധിക നിർമ്മാണം, ക്രമവൽക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/10.08.2023) മറുപടി നൽകിയില്ല.

## 1-13 വസ്തു നികുതി - വഴി സൗകര്യത്തിനനുസൃതമായി വർദ്ധനവ് നൽകിയില്ല

ബിനു ടി.ബി & ലിധുന നാരായണൻ, തെക്കേക്കുടി, യോർദ്ധനാപുരം എന്നയാൾ 27.11.2021 തീയതിയിലെ പെർമിറ്റ് നമ്പർ A2-BA(294362)/2021 പ്രകാരം 2-ാം വാർഡിൽ റീസർവ്വേ നമ്പർ 209/4-2 ൽ പെട്ട സ്ഥലത്ത് 470.97ച.മീ നിർമ്മിതി വിസ്തീർണ്ണമുള്ള H (Storage) ഗണത്തിൽ പെടുന്ന കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ (2/379A) വസ്തു നികുതി നിർണ്ണയത്തിൽ, 10.50 മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ ടി കെട്ടിടത്തിന് 5 മീറ്ററോ അതിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗം എന്ന് രേഖപ്പെടുത്തി ബാധകമായ 20 ശതമാനം വർദ്ധനവ് നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | നിർണ്ണയിച്ചിട്ടുള്ളത് @ 60/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @60/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 470.97 X 60 =28258.2 | 470.97 X 60 =28258.2 | 26705 – 32639 =5934 |
| ഇളവ് (മേൽക്കൂര) 10% | 28258.2 X 10 = 2825.82 | 28258.2 X 10= 2825.82 | |
| വർദ്ധനവ് (വഴി സൗകര്യം) 20% | ഇളവോ വർദ്ധനവോ ഇല്ല | 28258.2*20%= 5651.64 | |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 28258.2–2825.82=25433 | 28258.2–2825.82 +5651.64 = 31084 | |
| ലൈബ്രറി സെസ്സ് | 25433 X 5% = 1272 | 31084 X 5% = 1555 | |
| ആകെ നികുതി (2022-23 വരെ) | 25433 + 1272 = 26705 | 31084 + 1555 = 32639 | |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/10.08.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ നിന്നുള്ള ഫോറം 6 ലഭ്യമാക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/09.08.2023) മറുപടി ലഭ്യമാക്കിയില്ല.

1) തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട

വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാണോയെന്ന പരിശോധന സാധ്യമായിട്ടില്ല.

2) താഴെ പറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല. കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | തുറവൂർ ക്ഷീരോല്പ്പാദക സഹകരണ സംഘം(E 52CD) | ബിന്ദു ഷിജോ | II | 45000 | 300 (1220105481/ 14.03.23) | 450 | 150 |

3)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബ്ലായ് ആർട്ട്സ് | II |
| 2 | മാതാ ഓയിൽ ട്രേഡേഴ്സ് | I |
| 3 | മരിയ ഓയിൽ മിൽസ് & ട്രേഡേഴ്സ് | I |
| 4 | മഡോണ ഓഫ്സെറ്റ് | I |

4)കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം തൊഴിൽക്കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടത്തിലെ പട്ടികയിലെ രണ്ടാം കോളത്തിൽ പറയുന്ന പ്രകാരം തരം തിരിക്കേണ്ടതും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധ വർഷത്തേക്കും ഈടാക്കേണ്ട പരമാവധി തൊഴിൽ നികുതി പട്ടികയിലെ മൂന്നാം കോളത്തിൽ പറയുംവിധമായിരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു തവണ മാത്രം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണയായി തൊഴിൽനികുതി ഈടാക്കാതെയിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ആർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പത്രിക ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റൈസ് ടെക് ആഗ്രോ മിൽസ് പ്രൈ.ലി |
| 2 | റൈസ് ടെക് ആഗ്രോ മിൽസ് |
| 3 | NES സ്പൈസസ് |

5)പാരാ-മെഡിക്കൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാ-മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസി | ലൈസൻസ് നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | സിൻജു ക്ലിനിക്കൽ ലബോറട്ടറി | ജെസ്സി സജി | 64/2022-23 | 1 |
| 2 | അരീക്കൽ ഡിസ്പെൻസറി | ഡോ.എ.വി പൌലോസ് | 70/2022-23 | 2 |
| 3 | സൈമൽ ഡെന്റൽ ക്ലിനിക് | ഡോ.സെബി തോമസ് | 81/2022-23 | 2 |
| 4 | സാന്ദോം ഹോമിയോ സെന്റർ | സൌമ്യ പീറ്റർ | 239/2022-23 | 2 |
| 5 | സെന്റ് അഗസ്റ്റിൻ ലബോറട്ടറി | ലൂസി ജോർജ്ജ് | 139/22-23 | 1 |

6)ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ലൈസൻസ് നൽകിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലേക്കും ജീവനക്കാരിൽ നിന്നും തെഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഇ-ഗ്രിൽസ് റസ്റ്റോറന്റ് | 5/22-23 | 4 |
| 2 | സീ സീ കേക്ക്സ് & കുക്കീസ് | 922-23 | 4 |
| 3 | ചന്ദ്രമണി ഫാം | 35/22-23 | 4 |
| 4 | നാഷണൽ ഫ്രെയിം കമ്പനി | 46/22-23 | 6 |
| 5 | പടയാട്ടിൽ ഫ്രെയിംസ് & വിനീർസ് | 49/22-23 | 5 |
| 6 | മംഗലി റോക്ക് പ്രൊഡക്ട്സ് | 57/22-23 | 7 |
| 7 | മംഗലി ഇൻഡസ്ട്രീസ് | 68/22-23 | 5 |
| 8 | വർക്കി സൺസ് എഞ്ചിനീറിംഗ് | 85/22-23 | 15 |
| 9 | ഇൻഓൺ മാർട്ട് | 130/22-23 | 5 |
| 10 | സജിത സോ മില്ല്, പൂലാനി | 131/22-23 | 5 |
| 11 | സജിത സോ മില്ല്, കിടങ്ങൂർ | 132/22-23 | 4 |

| | | | |
|---|---|---|---|
| 12 | കരിങ്ങേൻ ട്രേഡേഴ്സ് | 189/22-23 | 7 |
| 13 | Laundry Day | 222/22-23 | 4 |
| 14 | മോഡി ബേക്കറി | 234/22-23 | 5 |
| 15 | അൽഫോൺസ ഇൻഡസ്ട്രീസ് | 240/22-23 | 10 |
| 16 | എമറാൾഡ് ഫ്യൂവൽസ് | 255/22-23 | 5 |
| 17 | മൈ വെന്യൂ | 256/22-23 | 5 |

7)താഴെ പറയുന്ന സ്ഥാപനങ്ങളുടെ നികുതി പത്രികകളിൽ അർദ്ധവാർഷിക വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത നികുതിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. സ്ഥാപനങ്ങൾ ഹാജരാക്കുന്ന വരുമാന പത്രികകളിൽ അർദ്ധവാർഷിക വരുമാന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 ലെ പട്ടികയിൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സൌപർണ്ണിക | I & II |
| 2 | കൃഷി ഭവൻ | II |

8)പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു. ആയത് ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ഷിബു ആന്റണി |
| 2 | വി.വി രാജൻ |
| 3 | സിജോ പി.എൽ |
| 4 | ലോറൻസ് എ.ജെ |
| 5 | ബിജു വർഗ്ഗീസ് |
| 6 | സാബു സെബാസ്റ്റ്യൻ |
| 7 | ബേബി എം.ജെ |
| 8 | പി.വി ബേബിച്ചൻ |
| 9 | ബാബു പി.വി |

9)2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൊഴിൽനികുതി ഈടാക്കിയ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം ആയത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 1 | എം.എസ് പാക്കേഴ്സ് | ലൈസൻസ് അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം - 8 (217/22-23) |
| 2 | ദി പെരിയാർ റോക്ക് പ്രൊഡക്ട്സ് | ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല |
| 3 | എം.ഡി എസ്തപ്പാൻ എഞ്ചിനീറിംഗ് വർക്ക്സ് | ലൈസൻസ് അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം - 5 (48/22-23) |

10)വാർഷിക ധനകാര്യ പത്രിക പ്രകാരം ₹22450/- (Profession Tax Of Institutions) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ആയത് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഈടാക്കിയതെന്നും സ്ഥാപന തൊഴിൽ നികുതിയുടെ DCB തയ്യാറാക്കിയും തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

11)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ഡ്രൈവിംഗ് സ്കൂളുകൾ, അക്ഷയ സെന്റർ, കമ്പ്യൂട്ടർ സെന്റർ എന്നിവിടങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-15 സ്ഥാപനങ്ങളുടെ ലൈസൻസ് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി.ഒ(പി)80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. സേവന മേഖലയിൽ മൂലധന നിക്ഷേപം 10 ലക്ഷം വരെ, 10 ലക്ഷം മുതൽ 50 ലക്ഷം വരെ, 50 ലക്ഷം മുതൽ 2 കോടി വരെ, 2 കോടി മുതൽ 5 കോടി വരെ, 5 കോടിയ്ക്കു മുകളിൽ എന്നിങ്ങനെയും ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം വരെ, 25 ലക്ഷം മുതൽ 1 കോടി വരെ, 1 കോടി മുതൽ 5 കോടി വരെ, 5 കോടി മുതൽ 10 കോടി വരെ, 10 കോടിയ്ക്കു മുകളിൽ എന്നിങ്ങനെയും സ്ഥാപനങ്ങളെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളാക്കി തിരിച്ച് യഥാക്രമം ₹500/-, ₹1000/- ₹5000/-, ₹10000/-, ₹15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ലൈസൻസ് അപേക്ഷയിലെ മൂലധന നിക്ഷേപം(₹) | ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് (₹) | ഈടാക്കിയ ലൈസൻസ് ഫീസ്(₹) | കുറവ്(₹) |
|---|---|---|---|---|---|---|
| 1 | പുതുപ്പാറ ഇലക്ട്രിക്കൽസ് | 14/75, 341, 342 | 45 ലക്ഷം | 1000 | 500 | 500 |
| 2 | മഡോണ ബേക്ക്സ് | 14/318 A | 50 ലക്ഷം | 1000 | 500 | 500 |

2)ലൈസൻസ് അപേക്ഷകളിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. നിരവധി അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല. അപേക്ഷകളിൽ കൃത്യമായ മൂലധനം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അന്വേഷണ ഉദ്യോഗസ്ഥൻ അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

3)സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, എന്ന ഉപയോഗക്രമത്തിൽ ആകെ 22 കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ഈ ഉപയോഗക്രമത്തിലുള്ള യാതൊരു സ്ഥാപനങ്ങളും ലൈസൻസ് എടുത്തതായി കാണുന്നില്ല.

4)പഞ്ചായത്തിന്റെ പരിധിയിലുള്ള ക്ഷീര സഹകരണ സംഘങ്ങൾ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

5)പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കള്ളുഷാപ്പുകൾ, റേഷൻകടകൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. ക്രമ നം. 3,4,5 എന്നീ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനു വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് വർഷാവർഷം കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കിയില്ല. നിലവിൽ സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധന നടത്താനായിട്ടില്ല. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം വാർഡ് തിരിച്ച് ലൈസൻസ് രജിസ്റ്റർ എഴുതുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/24.08.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-16 പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് -നെ അറിയിക്കുന്നതിനായി പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്

1)ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഉറവൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ മരണവിവരം അതത് പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് – നെ അറിയിക്കുന്നതിനായി പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/10.08.2023) മറുപടി നൽകിയില്ല.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | കാല യളവ് | തുക | ആകെ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | പൌലോസ് | 2043076407 | ക്ഷേമനിധി ബോർഡ് പെൻഷൻ | 22.08.22 | ആക്ടീവ് | KBOCWWB-Ernakulam District Office | ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല | | |
| 2 | അന്നമ്മ | 2213481249 | ക്ഷേമനിധി ബോർഡ് പെൻഷൻ (Amshadayam Pension) | 29.08.22 | ആക്ടീവ് | Kerala Bamboo Kattuvalli And Pandanus Leaf Workers Welfare Fund Board | ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല | | |
| 3 | പി.പി ദേവസ്സി | 2220119788 | ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers) | 09.11.22 | ആക്ടീവ് | Agricultural Office Thuravoor(Agricultural Depat (Agriculture Pension)) | 12/22-04/23 | 1600 | 8000 |
| 4 | ത്രേസ്യ | 2210002242 | ക്ഷേമനിധി ബോർഡ് പെൻഷൻ | 20.07.22 | വെരിഫിക്കേഷന് സമർപ്പിച്ചിരിക്കുന്നു | Kerala Bamboo Kattuvalli & Pandanus Leaf Workers Welfare Fund Board | ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല | | |
| 5 | കുഞ്ഞമ്മ | 2210002964 | ക്ഷേമനിധി ബോർഡ് പെൻഷൻ | 27.04.22 | ആക്ടീവ് | Kerala Bamboo Kattuvalli And Pandanus Leaf Workers Welfare Fund Board-Ernakulam | ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല | | |
| 6 | അന്തോണി | 2220119693 | ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers) | 26.12.21 | ആക്ടീവ് | എറണാകുളം - Agricultural Office Thuravoor | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല | | |
| 7 | കുട്ടപ്പൻ | 2043051229 | ക്ഷേമനിധി ബോർഡ് പെൻഷൻ | 25.01.22 | ആക്ടീവ് | എറണാകുളം - KBOCWWB-Ernakulam District Office | ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല | | |
| 8 | ആഗസ്തി | 2043163429 | ക്ഷേമനിധി ബോർഡ് പെൻഷൻ | 18.03.22 | ആക്ടീവ് | എറണാകുളം - KBOCWWB-Ernakulam District Office | ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല | | |
| 9 | നാരായണൻ കെ.കെ | 2220119848 | ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers) | 27.02.22 | ആക്ടീവ് | Agricultural Office Thuravoor | 03/22-04/23 | 1600 | 22400 |
| 10 | കാർത്ത്യായനി | 2043091332 | ക്ഷേമനിധി ബോർഡ് പെൻഷൻ | 08.04.22 | ആക്ടീവ് | എറണാകുളം - KBOCWWB-Ernakulam District Office | ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല | | |

ഏതാനം ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തന്നെ നിരവധി വ്യക്തികൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി കാണപ്പെട്ടു. ആയതിനാൽ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയും കൂടാതെ ഇത്തരത്തിൽ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് -ൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെയും മരണപ്പെട്ട വിവരം പ്രസ്തുത പ്രാദേശിക സർക്കാരിൽ/ക്ഷേമനിധി ബോർഡിൽ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)14.12.2022 ൽ മരണപ്പെട്ട ഏല്യാക്കുട്ടി ഔസേഫ് എന്നയാളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായി തുടരുന്നതിനാൽ പെൻഷൻ തുക ടിയാരിയുടെ സഹകരണ ബാങ്കിലേക്ക് കൈമാറിയതായി സേവന പെൻഷൻ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മരണപ്പെട്ടതിനാൽ 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെയുള്ള മാസങ്ങളിൽ തുക കൈമാറാൻ സാധിച്ചിട്ടില്ലെന്നും പോർട്ടലിൽ കാണുന്നു. ആയത് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പെൻഷൻ വിഭാഗം - ദേശീയ വാർദ്ധക്യകാല പെൻഷൻ
പെൻഷണർ ഐഡി - 106350200633
പ്രാദേശിക സർക്കാർ – തുറവൂർ ഗ്രാമപഞ്ചായത്ത്

| വിതരണം നടത്തിയ മാസം | ബാങ്ക്/പോസ്റ്റ് ഓഫീസ് | തുക() | സ്റ്റാറ്റസ് |
|---|---|---|---|

| | | | |
|---|---|---|---|
| ഏപ്രിൽ 2023 | ഡയറക്റ്റ് ഹോം | 1600 | തുക സഹകരണബാങ്കിന് കൈമാറി |

## 1-17 വിളകളിൽ കീടരോഗ നിയന്ത്രണം-സ്പ്രേയർ വാങ്ങൽ-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ/പേര് | 155/23 /<br>വിളകളിൽ കീടരോഗനിയന്ത്രണം-സ്പ്രേയർ -വ്യക്തിഗതം |
| അടങ്കൽ (₹) | 99333/- വികസന ഫണ്ട്<br>100000/- ഗുണഭോക്തൃവിഹിതം |
| ചെലവ് (₹) | 99333/- വികസന ഫണ്ട്<br>100000/- ഗുണഭോക്തൃവിഹിതം |
| ബിൽ നം | ACR Bill No- 182/23-12-2022, ₹35990/-<br>232/25-1-22, ₹43188/-<br>249/7-2-23, ₹8638/<br>323/2-3-23, ₹11517/-<br>വൌച്ചർ നം – 22201280/25-3-23, ₹50000/<br>വൌച്ചർ നം- 22201281/25-3-23, ₹50000/- |

മേൽ പദ്ധതി പ്രകാരം RAICO യിൽ നിന്ന് 138 കർഷകർക്ക് 50% സബ്സിഡി നിരക്കിൽ സ്പ്രേയർ വാങ്ങി നൽകിയതായി കാണുന്നു. മാർഗരേഖ (സ.ഉ (കെ) നം. 115/2022, എൽ. എസ്. ജി.ഡി തീ. 28.05.2022) പ്രകാരം കൃഷി ഉപകരണങ്ങൾ സമിതികൾക്കും സംഘങ്ങൾക്കും നൽകുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്. മാർഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത ഇനത്തിന് വ്യക്തിഗത പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ 10-08-23 ലെ എൻക്വയറി നം. 26 ന് കർഷകരുടെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കാർഷിക വികസന സമിതി, പഞ്ചായത്ത് സമിതി എന്നിവയുടെ തിരുമാന പ്രകാരമാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് തിരുമാനിച്ചത് എന്നറിയിച്ചു. ഭാവിയിൽ പദ്ധതി വിഭാവനം ചെയ്യുന്നതിലും നടത്തിപ്പിലും മാർഗരേഖയിലെ നിർദേശങ്ങൾ പരിപാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 ശുചിത്വം-ഐ ഇ സി പ്രവർത്തനങ്ങൾക്ക് ചെലവായ തുക-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രൊജക്റ്റ് നമ്പർ/പേര് | 90/23 ശുചിത്വം-ഐ ഇ സി പ്രവർത്തനങ്ങൾക്ക് ചെലവായ തുക |
| അടങ്കൽ (₹) | 7221/- തനത് ഫണ്ട്<br>4364/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് (₹) | 7221/- തനത് ഫണ്ട്<br>4364/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ബിൽ നം | വൌച്ചർ നം 22201157/8-3-23, ₹4364/-<br>വൌച്ചർ നം 22201158/8-3-23, ₹7291/- |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ശുചിത്വ മിഷന്റെ നേരിട്ടുള്ള നിർദേശാനുസരണം കരാറുകാരൻ ബോർഡുകൾ സ്ഥാപിച്ചതിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് കരാറുകാരന് (രഞ്ജിതാരാജി, അജന്താ ഡിജിറ്റൽസ്) തുക നൽകിയതായി കാണുന്നു. ചെലവു തുകയായ ₹11,655/- നൽകുന്നതിന് ശുചിത്വ മിഷന്റെ കൃത്യമായ നിർദേശം ഫയലിൽ ലഭ്യമല്ല. ബോർഡ് സ്ഥാപിച്ചത് സംബന്ധിച്ച് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടതായോ, ബോർഡിന്റെ നിരക്ക് മുതലായ വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ബേർഡുകൾ സ്ഥാപിക്കുന്നതിന് കരാറുകാരന് നിർദേശം നൽകിയതും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതും ആരാണ് എന്നതിന് വ്യക്തതയില്ല. ഈ പ്രവൃത്തി ഏറ്റെടുത്തതിന് കരാറുകാരൻ ശുചിത്വ മിഷനിൽ നിന്ന് നേരിട്ട് തുക കൈപ്പറ്റിയിട്ടുണ്ടോ എന്നതിനും വ്യക്തതയില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 08-08-23 ലെ എൻക്വയറി നം. 11 ന് GO(RT) 1192/2021/lsgd Dt 9-8-21 പ്രകാരം 2021 ഒക്ടോബർ 2 മുൻപായി 300 ഗ്രാമപഞ്ചായത്തുകളെ ODF Plus ആയി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി വിവര വിജ്ഞാന വ്യാപന സന്ദേശം പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിർദേശിച്ചതിൻ പ്രകാരമാണ് ബോർഡുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കിയത് എന്ന് അറിയിച്ചു. തുക നൽകുന്നത് സംബന്ധിച്ച് ശുചിത്വ മിഷന്റെ കൃത്യമായ നിർദ്ദേശം ഇല്ലാത്തതിനാലും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചതിനാലും തുക അനുവദിക്കുന്നതിനുള്ള ബുദ്ധിമുട്ട് അറിയിച്ചുകൊണ്ട് മുൻവർഷത്തെത്തെ വി.ഇ.ഒ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നതായും എന്നാൽ മുൻവർഷത്തെ ഈ ചെലവ് അനുവദിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തിരുമാനപ്രകാരം നിലവിലെ വി ഇ ഒ യോട് നിർദേശിച്ചതനുസരിച്ചാണ് മേൽ പദ്ധതി പ്രകാരമുള്ള തുക അനുവദിച്ചിട്ടുള്ളത് എന്ന മറുപടിയാണ് നിർവ്വണോദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്.

ഇക്കാര്യത്തിൽ കമ്മിറ്റി തിരുമാനമെടുത്ത് മുൻവർഷത്തെ ചെലവ് അനുവദിക്കുന്നതിന് മാത്രമായി പദ്ധതി വിഭാവനം ചെയ്ത്, തുക ചെലവ് ചെയ്തതുമായി ബന്ധമില്ലാത്ത നിർവ്വണോദ്യോഗസ്ഥനെ ഏൽപിച്ചതിന്റെ ഔചിത്യം വ്യക്തമല്ല. അപാകത സംബന്ധിച്ച് കൃത്യമായ വിശദീകരണം സെക്രട്ടറി നൽകേണ്ടതും ഈ പ്രവൃത്തി ഏറ്റെടുത്തതിന് കരാറുകാരൻ ശുചിത്വ മിഷനിൽ നിന്ന് നേരിട്ട് തുക കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ശുചിത്വ മിഷനിൽ നിന്ന് ചെലവ് തുക റീക്ലെയിം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-19 ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് -അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ/പേര് | 111/23 ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ (₹) | 10,00,000/- വികസന ഫണ്ട്-ജനറൽ<br>4,99,440/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1,66,480/- ജില്ലാപഞ്ചായത്ത് വിഹിതം<br>ആകെ – 16,65,920/- |
| ചെലവ് (₹) | 9,99,120/- വികസന ഫണ്ട്-ജനറൽ<br>4,82,310/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1,43,720/- ജില്ലാപഞ്ചായത്ത് വിഹിതം<br>ആകെ ചെലവ് – 16,25,150/- |
| ബിൽ നം | ACR Bill No/ 180/17-12-22, ₹7,83,120/-<br>TRN22110900000013120/30-12-22, ₹1,43,720/-<br>TRN22110900000016296/27-02-22, ₹4,82,310/-<br>ACR Bill No/ 470/28-3-23, ₹1,44,000/-<br>ACR Bill No/ 472/28-3-23, ₹72,000/- |

1.മേൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർത്ത ആറുകുട്ടികൾക്ക് അനുവദനീയമായ സ്കോളർഷിപ്പിനേക്കാൾ അധിക തുക അനുവദിച്ചതായി കാണുന്നു.

| ക്രമ നം | പേര് | വിവരണം | അനുവദനീയമായ തുക (₹) | നല്കിയ തുക (₹) | അധികം (₹) |
|---|---|---|---|---|---|
| 1 | ഡേവിസ് എം എ | മാനസിക വെല്ലുവിളി-ഹോസ്റ്റൽ സ്റ്റുഡന്റ് | 16500/- | 17800 | 1300 |
| 2 | ട്രീസ മരിയ പോൾ | മാനസിക വെല്ലുവിളി-ഹോസ്റ്റൽ സ്റ്റുഡന്റ് | 16500/- | 17800 | 1300 |
| 3 | റെറ്റി കൊച്ചാപ്പു | കേൾവിക്കുറവ്(+2 സ്റ്റുഡന്റ്) | 13500/- | 17800 | 4300 |
| 4 | ജോയ് അരിയിക്കൽ | മാനസിക വെല്ലുവിളി-ഹോസ്റ്റൽ സ്റ്റുഡന്റ് | 16500/- | 17800 | 1300 |
| 5 | നവീൻ നെൽസൺ | മാനസിക വെല്ലുവിളി-ഹോസ്റ്റൽ സ്റ്റുഡന്റ് | 16500/- | 17800 | 1300 |
| 6 | അഭിജിത് സി എ | കേൾവിക്കുറവ്( 6 Std സ്റ്റുഡന്റ്) | 6600/- | 9450 | 2850 |
| ആകെ | | | ₹12350/- | | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 08-08-23 ലെ എൻക്വയറി നം. 9 ന് നൽകിയ മറുപടിയിൽ ഈ കുട്ടികൾക്ക് നൽകിയ അധിക ₹12,350/- അടുത്ത വർഷത്തെ സ്കോളർഷിപ്പിൽ നിന്ന് കുറവ് ചെയ്യുന്നതാണ് എന്നറിയിച്ചു. അധികമായി നൽകിയ സ്കോളർഷിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

2. ദേവിക സി. എ, ആരാധ്യ പ്രവീൺ എന്നീ കുട്ടികൾക്ക് ₹26,500/- അനുവദിച്ച വിവിധ ബില്ലുകളിൽ UTR No Null എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അപാകതയ്ക്കുള്ള മറുപടിയിൽ തുക കൈമാറിയ സമയത്ത് ഇവരുടെ അക്കൌണ്ടുകൾ ആക്ടീവയായിരുന്നില്ല എന്നും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴേയ്ക്കും തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ പോയതായി ട്രഷറിയിൽ നിന്ന് മറുപടി ലഭിച്ചതായും അറിയിച്ചു. മേൽ സൂചിപ്പിച്ച കുട്ടികൾക്ക് തുക ലഭ്യമാകുന്നതിനുള്ള സാധ്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്. ഭാവിയിൽ ബില്ലുകൾ പാസ്സായി ഉടനെ തന്നെ സ്കോളർഷിപ്പ് തുകകൾ കുട്ടികൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്ത സംഗതികളിൽ സമയ പരിധിക്കുള്ളിൽ തന്നെ (30 ദിവസത്തിനുള്ളിൽ) ട്രഷറിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-20 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്- തുക കൈമാറൽ- വിനിയോഗവിവരം ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ/പേര് | 196/23 കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ്- തുക കൈമാറൽ |
| അടങ്കൽ (₹) | 200000/- വികസന ഫണ്ട്-ജനറൽ |
| ചെലവ് (₹) | 200000/ – വികസന ഫണ്ട്-ജനറൽ |

| | |
|---|---|
| ബിൽ നം | ACR Bill No-239/3-2-23 |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി നാലുകുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി 2 ലക്ഷം രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയതായി കാണുന്നു. ഫയലിൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാണ് എങ്കിലും ഈ കുട്ടികൾ കോക്ലിയർ ഇംപ്ലാന്റ് ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങളോ, കോക്ലിയർ ഉപകരണം റിപ്പയർ ചെയ്യുന്നതിന്റെ ആവശ്യകത സാക്ഷ്യപ്പെടുത്തുന്ന രേഖകളോ ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 08.08.23 ലെ എൻക്വയറി നം. 8 ന് സഉ(സാധാ)426/2019/തസ്വഭവ തീ. 26-02-19 പ്രകാരമാണ് തുക നൽകിയത് എന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു. നാലുകുട്ടികൾക്കും കോക്ലിയർ ഇംപ്ലാന്റിന്റെ മെയിന്റനൻസ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവു തുകയായ ₹2,00,000/- തടസ്സപ്പെടുത്തുന്നു.

## 1-21 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ

സെക്രട്ടറി തൻവർഷം നടപ്പാക്കിയ വിവിധ പദ്ധതികളിൽ താഴെ കാണിച്ചിരിക്കുന്നവയ്ക്ക് അവയുടെ നേരെ കാണിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം നല്കുന്നതിനു നല്കിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമായില്ല. ആയതിനാൽ ചെലവുതുക ₹4,77,113/-തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്നം | ചെലവിനം | തുക (₹)/ ബിൽ/ചെക്ക് നംപർ/തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 85/23 | ഐ.കെ.എംന് വരിസംഖ്യ നല്കിയത് | 53032/- 11/19.9.22 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 2 | 258/23 | ഇലക്ട്രിക് പോസ്ററ് മാററൽ | 40691/- 8671/27.3.23 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 3 | 83/23 | എസ്.എസ്.കെ വിഹിതം നല്കൽ | 300000/- 10/19.9.22 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 4 | 241/23 | സ്ട്രീററ് ലൈൻ എക്സ്ററൻഷൻ | 49914/- 23/9.1.23 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 5 | 124/23 | തുടർ വിദ്യാഭ്യാസം ഫീസ് | 4400/- 8674/30.3.23 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 6 | 153/23 | കോൺഫറൻസ് ഹാൾ വൈദ്യുതീകരണം | 29076/- 6532/24.9.22 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| | ആകെ | | 4,77,113/- | |

## 1-22 വാഹന ഇൻഷ്വറൻസ്-അപാകത

2022-23 സാമ്പത്തിക വർഷം തുറവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 01.11.22 ലെ 22200647 നമ്പർ വൗച്ചർ പ്രകാരം ₹9,277/- പി.എച്ച്.സിയുടെ വാഹന ഇൻഷ്വറൻസ് അടക്കുന്നതിലേക്കായി ചെലവഴിച്ചിട്ടുണ്ട്. 18.04.2000 ലെ ധനകാര്യവകുപ്പ് സ.ഉ. (പി)നം.819/2000 പ്രകാരം സർക്കാർ വാഹനങ്ങൾക്ക് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടതാണ്. പഞ്ചായത്ത് എസ്.ബി.ഐയുടെ ഇൻഷ്വറൻസാണ് എടുത്തിട്ടുള്ളത്. എസ്.ബി.ഐ ഇൻഷ്വറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഇൻഷ്വറൻസ് എടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/09.08.2023) മറുപടി ലഭിച്ചിട്ടില്ല.

## 1-23 കുഴൽകിണർ നിർമ്മാണം-രേഖകൾ ലഭ്യമാക്കണം

2022-23 സാമ്പത്തിക വർഷം തുറവൂർ ഗ്രാമപഞ്ചായത്തിൽ കുഴൽകിണർ നിർമ്മിക്കുന്നതിനായി സ്ഥല പരിശോധന നടത്തുന്നതിനായി ഭൂജലവകുപ്പിന് വൗച്ചർ നം. 22200946 പ്രകാരം ₹5,790/- അനുവദിച്ചിട്ടുള്ളതാണ്. സ്ഥല പരിശോധന നടത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/09.08.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവു തുകയായ ₹5,790/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 തെരുവു വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം ₹85,000/- വീതം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് നാളിതുവരെ മാറ്റിയിട്ടില്ല.

തൻവർഷം തെരുവ് വിളക്ക് പരിപാലനത്തിനായി DPC അംഗീകരിച്ച പ്രോജക്ട് മുഖേന തുക ചെലവഴിച്ചിട്ടില്ല. തെരുവു വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറ്റേണ്ടതും തെരുവുവിളക്കുകളുടെ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് മുഴുവൻ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | S 0003/23/ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | ₹1,50,000/- (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്) |

| | |
|---|---|
| ആകെ ചെലവ് തുക | ₹1,50,000/- |
| ബിൽ നമ്പർ/ തീയതി | 140/23.11.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹോമിയോ മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി, മൂക്കന്നൂർ |

തുറവൂർ ഗ്രാമപഞ്ചായത്തിലെ എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് 2022-23 വർഷത്തിൽ മരുന്ന് വാങ്ങുന്നതിന് ₹1,50,000/- കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (HOMCO) കൈമാറിയിട്ടുണ്ട്. ഇൻവോയ്സ് നം. എൽ.എഫ്.606/21.07.2023 പ്രകാരം ലഭിച്ച ₹76,840/- യുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കി സ്റ്റോക്കിലെടുത്തതായി കാണുന്നത്. അവശേഷിക്കുന്ന ₹73,160/- ക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/07.08.2023 ) ബാലൻസ് മരുന്ന് ലഭ്യമായിട്ടില്ലെന്നാണ് അറിയിച്ചത്. ₹73,160/- ക്കുള്ള മരുന്ന് ലഭ്യമാകുന്ന മുറക്ക് അതിന്റെ ഇൻവോയ്സിന്റെ പകർപ്പ് സഹിതം സ്റ്റോക്ക് വിവരം അറിയിക്കേണ്ടതാണ്. അതുവരെ ₹73,160/- തടസ്സപ്പെടുത്തുന്നു.

1-26 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

കുടുംബാരോഗ്യ കേന്ദ്രം തുറവൂരിലേക്ക് മരുന്ന് വാങ്ങുന്നതിന് താഴെപറയുന്ന പദ്ധതികൾ വഴി കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന് അവരുടെ പ്രൊഫോർമ്മ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല. വിവിധ ഇൻവോയ്സുകളിലായി വളരെ കുറച്ച് മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി നം, പേര് | കൈമാറിയ തുക (₹) | ബിൽനം, തീയതി | പ്രൊഫോർമ്മ ഇൻവോയ്സ് നം, തീയതി | ലഭിച്ച മരുന്നിന്റെ വില (₹) | ബാലൻസ് തുക (₹) |
|---|---|---|---|---|---|
| 113/23-കിഡ്നി -ഡയാലിസിസ് രോഗികൾക്ക് മരുന്ന് (മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ് ഫണ്ട്) | 1,22,021/- | 224/23.01.2023 | 3330/04.01.2023 | 32,124 | 89,897 |
| 109/23- ക്യാൻസർ & മാനസിക രോഗികൾക്ക് മരുന്ന് | 42,227 | 8650/22.02.2023 | 3109/20.12.2022 | 10,804 | 31,423 |
| | 1,41,000 | 8669/27.03.2023 | 5548/21.03.2023 | 79,814 | 61,186 |

മുൻകൂർ നൽകിയ തുകക്കുള്ള മരുന്നുകൾ മുഴുവൻ ലഭ്യമായതായി കാണുന്നില്ല. ബാക്കി മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ഇനി ലഭിക്കാനുള്ള മരുന്നിന്റെ വിലയായ ₹1,82,506/- തടസ്സപ്പെടുത്തുന്നു.

മറ്റ് പദ്ധതികളിൽ മരുന്ന് വാങ്ങിയിട്ടുള്ളത് സപ്ലൈകോ, കെ.എസ്.ഡി.പി. എന്നീ സ്ഥാപനങ്ങളിൽ നിന്നാണ്. മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി ക്വട്ടേഷൻ മുഖേനയാണ് സപ്ലൈകോയിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുള്ളത്. വിവിധ മരുന്നുകൾക്ക് സപ്ലൈകോയിലെ നിരക്കിനേക്കാൾ വളരെ കുറവാണ് കെ.എസ്.ഡി.പി.യിലേത്. അവിടെനിന്നും മരുന്നുകൾ യഥാസമയം ലഭിക്കാറുമുണ്ട്. ഇവിടെ നിന്നും ടെണ്ടർ കൂടാതെ മരുന്ന് വാങ്ങാവുന്നതുമാണ്. എന്നാൽ കൂടുതൽ മരുന്നുകളും സപ്ലൈകോയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

1-27 പട്ടികജാതി വിഭാഗക്കാർക്ക് വിവാഹധനസഹായം- ₹50,000/- അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് നം, പേര് | S 131/23-പട്ടികജാതി വിഭാഗക്കാർക്ക് വിവാഹധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, തുറവൂർ പഞ്ചായത്ത് |
| അടങ്കൽ തുക (₹) | 1,25,000/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക (₹) | 1,25,000/- ബിൽ നം. 154/28.11.2022) |

പട്ടികജാതി വിഭാഗം പെൺകുട്ടിയുടെ വിവാഹധനസഹായത്തുക സർക്കാർ ഉത്തരവിനു വിരുദ്ധമായി വർദ്ധിപ്പിച്ച നിരക്കിൽ നൽകിയതിനാൽ ₹50,000/- യുടെ അധിക ചെലവുണ്ടായി, ആയതിനാൽ ₹50,000/- ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖ. 3-1 ചേർത്തിട്ടുണ്ട്.

1-28 ഹരിതകർമ്മസേനക്ക് വാഹനവും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S 0233/23-ഹരിതകർമ്മസേനക്ക് വാഹനവും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, |

| | | |
|---|---|---|
| | അടങ്കൽ (₹) | ചെലവ് (₹) |
| ചെലവു വിവരം | 5,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 1,66,110/- |
| | 50,000/- (തനതു ഫണ്ട്) | 8,570/- |
| | 10,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-CFC Grant) | 5,68,190/- |
| ആകെ (₹) | 15,50,000/- | 7,42,870/- |

തുറവൂർ ഗ്രാമപഞ്ചായത്തിലെ മാലിന്യശേഖരണപ്രവർത്തനങ്ങൾ എളുപ്പമാക്കുന്നതിന് ഹരിതകർമ്മസേനക്ക് വാഹനവും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് GEM Portal മുഖേനയാണ് MAC Auto India യുടെ E Rikshaw For Garbage With Tipping Facility എന്ന മോഡൽ വാഹനം വാങ്ങിയിട്ടുള്ളത്. ഇതിന്റെ കേരളത്തിലെ അംഗീകൃത ഡീലറായ Happy Hands Global , ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വാഹനം വാങ്ങി ക്വോട്ട് ചെയ്തിരുന്ന തുകയായ ₹4,97,000/- നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ₹16,950/- നിരക്കിൽ 14 മെറ്റൽട്രോളികളും ഹരിത കർമ്മസേനക്കായി JIMCO Exim And Trade Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിന്റെ ആകെ ചെലവിൽ ₹1,66,110/- ശുചിത്വമിഷൻ ഫണ്ടും, ₹71,190/- ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമാണ്. പൗഡർ ടൈപ്പ് ഫയർ എക്സ്റ്റിൻഗ്യൂഷർ, ഗ്ലൗസ് തുടങ്ങിയവ വാങ്ങിയതാണ് പദ്ധതിയിലെ മറ്റ്ചെലവിനങ്ങൾ. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം. 14/09.08.2023) നൽകിയിരുന്നു.

1.₹2,50,000/- ക്ക് മുകളിലുള്ള വാങ്ങലുകളിൽ 2% GST ശ്രോതസ്സിൽ കുറവ് ചെയ്തിട്ടാവണം സപ്ലയർക്ക് തുക നൽകേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതെ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും നൽകി.

2. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ഫയലിൽ ഇല്ല.

3.വാഹനവും മെറ്റൽ ട്രോളിയും ഹരിതകർമ്മസേനക്കാണ് കൈമാറിയതെങ്കിൽ അവരുമായുണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

4. വാഹനത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നതിൽ വ്യക്തത വരുത്തുന്നതിന് രജിസ്ട്രേഷൻ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

5. വാഹനപരിപാലനവും മെയിന്റനൻസ് ചെലവുകളും നിർവ്വഹിക്കുന്നതു സംബന്ധിച്ച തീരുമാനങ്ങളും അറിയിക്കേണ്ടതാണ്.

6.ബ്ലോക്ക് വിഹിതമായി ചെലവഴിച്ച ₹5,68,190/- യുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കണ്ടില്ല. മൂലധനച്ചെലവിൽ ഉൾപ്പെടുത്താത്തതിനാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നതിലും വ്യക്തത ഇല്ല.

ഓഡിറ്റ് എൻക്വയറിക്ക് രേഖാമൂലം മറുപടി നൽകിയില്ല. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും, വാഹനത്തിന്റെ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് രേഖകളും ഹാജരാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. വാഹനം ഹരിതകർമ്മസേന കൺസോർഷ്യത്തിനും, ട്രോളികൾ 14 വാർഡുകളിലെ ഹരിത കർമ്മസേനാംഗങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇവയുടെ തുടർ പരിപാലനവും സൂക്ഷിപ്പും സംബന്ധിച്ച് ഒരു കരാർ ഉണ്ടാക്കാത്തത് അപാകതയാണ്. കരാറുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വാഹനത്തിന്റേയും ട്രോളികളുടേയും വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

GST-TDS ഈടാക്കാത്തതിനാൽ സപ്ലയർ ഈടാക്കിയ നികുതി സർക്കാരിലേക്ക് അടവാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്ന് ഉറപ്പിക്കാനാവില്ല. നികുതി റിട്ടേണിന്റെ വിവരം സപ്ലയറിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾ-അവലോകനം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. ഇപ്രകാരം മുൻവർഷങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ 31.03.2023 വാർഷിക കണക്ക് പ്രകാരം ചെലവഴിക്കാൻ / ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ഹെഡ് | തുക കൈപ്പറ്റിയ സ്ഥാപനം | 31.03.2023 ൽ ബാക്കി നിൽക്കുന്ന തുക (₹) |
|---|---|---|
| 460500202-Deposit With Kerala State Electricity Board | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,23,664/- |
| 460500201-Deposit With Kerala Water Authority | കേരള വാട്ടർ അതോറിറ്റി | 12,57,999/- |

1.നിക്ഷേപ പ്രവൃത്തികൾ-കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ബാക്കി നിൽക്കുന്ന ₹1,23,664/- 2020-21 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ എന്ന പദ്ധതിക്കായി (നം. 45/2021) മുൻകൂർ നൽകിയതാണ്. ഈ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി, ചെയ്ത പ്രവൃത്തിയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം വാങ്ങി മുൻകൂർ ക്രമീകരിക്കേണ്ടതാണ്.

2021-22, 2022-23 വർഷങ്ങളിൽ മുൻകൂർ ഹെഡിൽ ബുക്ക് ചെയ്ത് കെ.എസ്.ഇ.ബിക്ക് തുകയൊന്നും നൽകിയിട്ടില്ല. എന്നാൽ തൻവർഷം സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിലായി കെ.എസ്.ഇ.ബി.ക്ക് തുക നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നം, പേര് | നൽകിയ തുക (₹) | ചെലവ് വിവരം |
|---|---|---|
| 258/23-ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 40,691/- | ചെക്ക് നം 8671 /27.03.2023 |
| 241/23-സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 49,914/- | 23/09.01.2023 |
| 153/23-കോൺഫറൻസ് ഹാൾ വൈദ്യുതീകരണം | 29,076/- | ചെക്ക്നം 6532/24.09.2022 |

ചെലവ് ഹെഡിൽ ബുക്ക് ചെയ്ത് തുക നൽകിയതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിൽ അപാകതയുണ്ടാകാനിടയുണ്ട്. പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് തുക നൽകുമ്പോൾ മുൻകൂർ ഹെഡിൽ തുക ബുക്ക് ചെയ്യേണ്ടതും, വിനിയോഗസാക്ഷ്യപത്രം വാങ്ങി ക്രമീകരിക്കേണ്ടതുമാണ്.

2.നിക്ഷേപ പ്രവൃത്തികൾ-കേരള വാട്ടർ അതോറിറ്റി

കേരള വാട്ടർ അതോറിറ്റിയിൽ ബാക്കി നിൽക്കുന്ന ₹12,57,999/- 2017-18 സാമ്പത്തിക വർഷം മുതലുള്ള കാലയളവുകളിൽ വിവിധ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾക്കായി ആവിഷ്കരിച്ച പദ്ധതികളിൽ ക്രമീകരിക്കാത്ത തുകകളാണ്. ഈ പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ വിവരങ്ങളൊന്നും അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ള തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി നം, പേര് | തുക (₹) | വൗച്ചർ നം, തീയതി |
|---|---|---|---|
| 2017-18 | - | 72850/- | 21701010/03.10.17 |
| 2017-18 | 166/18 – പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 121313/- | 21701088/22.01.2018 |
| 2018-19 | 53/19 – പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 137000/- | 21800625/11/7/2018 |
| 2018-19 | „ | 32548/- | 21800937/27.11.2018 |
| 2018-19 | 177/19 – പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 161163/- | 21801006/10.01.2019. |
| 2019-20 | 9/20 – പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 640000/- | 21901259/06.11.2019 |
| 2020-21 | 133/20 – പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 8125/- | 22000667/07.05.2020 |
| „ | „ | 85000/- | 22000668/07.05.2020 |
| ആകെ | | 12,57,999/- | |

പ്രവൃത്തി പൂർത്തിയാക്കിയവയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം വാങ്ങി മുൻകൂർ ക്രമീകരിക്കേണ്ടതാണ്. 2021-22 വർഷത്തെ പദ്ധതിയായ 114/22 – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രകാരം നൽകിയ ₹2,74,500/- തൻവർഷം ക്രമീകരിച്ചിട്ടുണ്ട്. 2022-23 ൽ കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടില്ല.

## 1-30 ഇ-ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല

ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28.09.2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27.07.17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.10.2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുറവൂർ ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനീയറുടെ പേരിൽ അങ്കമാലി SBI-ൽ ആരംഭിച്ചിട്ടുള്ള 38004589421 എന്ന അക്കൗണ്ട് നമ്പരിൽ ആണ് ഇ-ടെണ്ടർ ഫീസ് നിലവിൽ ക്രഡിറ്റ് ചെയ്യുന്നത്. 31.07.2023 വരെ പ്രസ്തുത ഇനത്തിലുള്ള ആകെ വരവ് ₹4,73,188/- യാണ്

ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ട തുക സാമ്പത്തിക വർഷാവസാനം ട്രാൻസ്ഫർ ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെയും സൂക്ഷിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.07/08.08.2023)ക്ക് മറുപടിയായി ഇ-ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിന് പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് ₹1,000/-, കൂടിയത് ₹50,000/-) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് ₹2,000/-, കൂടിയത് ₹1,00,000/-) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1) 43/23, പൊതു ടോയ്‌ലെറ്റ് നിർമ്മാണം (S.O.162/22)

അടങ്കൽ - ₹650000/- (CFC)

ചെലവ് - ₹516066/- {Bill No.413/20.03.2023}

PAC- ₹580325/-

കരാറുകാരൻ - ശ്രീ. ഷിബു ആന്റണി

എഗ്രിമെന്റ് നം: 26/AE/LSGD/TP/2021-22/04-02-2022

അളവു പുസ്തകം നം.- 578/21-22, 580/21-22

പൂർത്തീകരണ കാലാവധി - 03.08.2022 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തീയതി- 10.10.2022

ഈടാക്കിയ പിഴ-₹0/-

ഈടാക്കേണ്ടിയിരുന്നത്- ₹17410/- (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹17410/-

2) 51/23, ജനകീയാസൂത്രണ കുടിവെള്ള പദ്ധതി മെയിന്റനൻസ് -വാർഡ്-12 (179/22)

അടങ്കൽ - ₹100000/- (CFC)

ചെലവ് - ₹52101/- {242/04.02.2023}

PAC- ₹61742/-

കരാറുകാരൻ - ശ്രീ. അമൽ രാജൻ.വി.ആർ

എഗ്രിമെന്റ് നം: 49/AE/LSGD/TP/2021-22/05-03-2022

അളവു പുസ്തകം നം.- 26/22-23, 29/22-23

പൂർത്തീകരണ കാലാവധി - 04.09.2022 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തീയതി- 28.10.2022
ഈടാക്കിയ പിഴ-₹0/-
ഈടാക്കേണ്ടിയിരുന്നത്- ₹1852/- (3% Of PAC)
ആകെ ഈടാക്കേണ്ട തുക- ₹1852/-

3) 32/23, പഞ്ചായത്ത് സ്റ്റേഡിയം മെയിന്റനൻസ്, പെയിന്റിംഗ് (S.O.24/22)
അടങ്കൽ - ₹500000/- (MG-NR)
ചെലവ് - ₹436844/- {Bill No.49/24.03.2023}
PAC- ₹411056/-
കരാറുകാരൻ - ശ്രീ. സിജോ.പി.എൽ
എഗ്രിമെന്റ് നം: 28/AE/LSGD/TP/2021-22/15-02-2022
അളവു പുസ്തകം നം.- 2/22-23, 9/22-23, 10/22-23
പൂർത്തീകരണ കാലാവധി - 14.08.2022 (6 മാസം-TS പ്രകാരം)
പൂർത്തീകരിച്ച തീയതി- 22.10.2022
ഈടാക്കിയ പിഴ-₹0/-
ഈടാക്കേണ്ടിയിരുന്നത്- ₹12332/- (3% Of PAC)
ആകെ ഈടാക്കേണ്ട തുക- ₹12332/-
4) 55/23, കാന നിർമ്മാണം (S.O.191/22)
അടങ്കൽ - ₹334500/- (CFC)
ചെലവ് - ₹332732/- {Bill No.241/04.02.2023 }
PAC- ₹297905/-
കരാറുകാരൻ - ശ്രീ. വി.വി.രാജൻ
എഗ്രിമെന്റ് നം: 2/AE/LSGD/TP/2022-23/02-04-2022
അളവു പുസ്തകം നം.- 5/22-23
പൂർത്തീകരണ കാലാവധി - 01.10.2022 (6 മാസം-TS പ്രകാരം)
പൂർത്തീകരിച്ച തീയതി- 12.12.2022
ഈടാക്കിയ പിഴ-₹0/-
ഈടാക്കേണ്ടിയിരുന്നത്- ₹8937/- (3% Of PAC)
ആകെ ഈടാക്കേണ്ട തുക- ₹8937/-

5) 35/23, അങ്കണവാടികൾക്ക് കിണർ നിർമ്മാണം (S.O.75/22)
അടങ്കൽ - ₹150000/- (Own Fund)
ചെലവ്-₹137981/- {Cheque No. 668075/4.5.22-₹82456/-, Cheque No. 681755/13.9.22-₹48482/-, GST+IT+KCWFF=7043}
PAC- ₹133669/-
കരാറുകാരൻ - ശ്രീ. വി.വി.രാജൻ
എഗ്രിമെന്റ് നം: 7/AE/LSGD/TP/2021-22/24-12-2021
അളവു പുസ്തകം നം.- 310/2021-22, 577/2021-22
പൂർത്തീകരണ കാലാവധി - 23.05.2022 (5 മാസം-TS പ്രകാരം)
പൂർത്തീകരിച്ച തീയതി- 09.08.2022
ഈടാക്കിയ പിഴ-₹0/-
ഈടാക്കേണ്ടിയിരുന്നത്- ₹4010/- (3% Of PAC)
ആകെ ഈടാക്കേണ്ട തുക- ₹4010/-

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും 2012 ലെ കേരള PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15/09.08.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ ₹44541/- (17410+1852+12332+ 8937+4010 ) ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-32 മരാമത്ത് പ്രവൃത്തികൾ- എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

2012ലെ കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവ് അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള

അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് ₹1,000/- യും കൂടിയത് ₹25,000/- യുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തീയതി | എഗ്രിമെന്റ് വെച്ച തീയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 102/23, തലക്കോട്ട്പറമ്പ് പുല്ലാനി റോഡ് റീടാറിംഗ് പൂർത്തീകരണം- വാർഡ് 3<br>അടങ്കൽ- ₹137000/- (MG-Road)<br>ചെലവ്- ₹136678/- (ബിൽ നം.10/14.2.23)<br>APAC- ₹115834/- (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ - ശ്രീ. സാബു സെബാസ്റ്റ്യൻ<br>എഗ്രിമെന്റ് നം. 11/AE/LSGD /TP/2022-23, Dt.30.11.2022<br>ഭരണ സമിതി തീരുമാനം നം.4(1)/26.10.2022 | 26.10.2022/ 07.11.2022 | 14.11.2022 (സെക്ഷൻ നോട്ടീസ് പ്രകാരം) | 30.11.2022 | 1158 |

കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 16/09.08.2023) ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ എഗ്രിമെന്റ് വെയ്ക്കാൻ വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക ₹1158/- ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-33 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 105 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 66 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ ₹4,36,75,929/- യിൽ ₹3,04,15,221/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ ചെലവ് വകയിരുത്തിയ തുകയുടെ 69.64% മാത്രമാണ്.

മുൻവർഷത്തെ ധാരാളം പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി മാറുകയും തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തീയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നില്ല. കൂടാതെ കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനീയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ച നൽകുന്നത്.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം നം. / തീയതി എഴുതുന്നില്ല.

6. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

7. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.84/2022/തസ്വഭവ, തീയതി.19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

നിർദ്ദേശങ്ങൾ

1. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച മാത്രം മെയിന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ് (മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/09.08.2023) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിഭാഗക്കാർക്ക് വിവാഹധനസഹായം-₹ 50,000/- അധികച്ചെലവ്.

| | |
|---|---|
| പ്രോജക്ട് നം, പേര് | S 131/23-പട്ടികജാതി വിഭാഗക്കാർക്ക് വിവാഹധനസഹായം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, ഉറവൂർ പഞ്ചായത്ത് |
| അടങ്കൽ തുക (₹) | 1,25,000/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക (₹) | 1,25,000/- ബിൽ നം 154/28.11.2022) |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ കുടുംബത്തിന് വിവാഹധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി ശ്രീ കുഞ്ഞപ്പൻ സി.കെ എന്ന ഗുണഭോക്താവിന് ₹1,25,000/- ആനുകൂല്യം നൽകിയിട്ടുണ്ട്.

വിവാഹധനസഹായത്തുക നിലവിലുണ്ടായിരുന്ന ₹75,000/- ൽ നിന്നും ₹1,25,000/- ആയി പട്ടികജാതി വികസന വകുപ്പിന്റെ സ.ഉ (കൈ) നം. 43/2022/പ.ജാ.പ.വ.വി.വ.നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിരുന്നു. പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യത്തിന് നൽകുന്ന ധനസഹായം പട്ടികജാതി വകുപ്പ് നൽകുന്ന നിരക്കിനു തുല്യമാക്കിക്കൊണ്ട് ജി.ഒ.(സാ.ധാ) നം. 2593/2022/തസ്വഭവ തീയതി 26.10.2022 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ 15.10.2022 ന് ശേഷമുള്ള വിവാഹങ്ങൾക്കാണ് വർദ്ധിപ്പിച്ച നിരക്കിന് അർഹതയുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ. കുഞ്ഞപ്പൻ സി.കെ, യുടെ മകൾ പ്രസീതയുടെ വിവാഹം നടന്നത് 12.05.2022 ൽ ആയിരുന്നതിനാൽ വർദ്ധിപ്പിച്ച നിരക്കായ ₹1,25,000/- ക്ക് അർഹത വരുന്നില്ല. ആയതിനാൽ അധികം നൽകിയ ₹50,000/- പ്രസ്തുത വ്യക്തിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/07.08.2023) തദ്ദേശസ്വയംഭരണവകുപ്പിന്റെ പ്രസ്തുത ഉത്തരവ് ശ്രദ്ധയിൽപെടാതെ പോയതിനാലാണ് തെറ്റായി വർദ്ധിപ്പിച്ച നിരക്ക് അനുവദിച്ചതെന്ന് മറുപടി നൽകിയത്. മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം നൽകിയ ₹50,000/- ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി, സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| ഓഡിറ്റിന്റെ ഭാഗമായാണ് 2022-23 വർഷത്തെ അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | 2022-23 ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 22,00,000 | 84/23-ലൈഫ് ഭവന പദ്ധതി-ജനറൽ | 22,00,000 | 0 |
| | 2022-23 | 3,31,177 | 29/23-ലൈഫ് ഭവന പദ്ധതി-ജനറൽ | 3,31,177 | 0 |
| | 2022-23 | 5,40,000 | 118/23-ലൈഫ് ഭവന പദ്ധതി-എസ്.സി. | 5,40,000 | 0 |
| | 2022-23 | 4,99,900 | 1/23-അംഗൻവാടി പോഷകാഹാരം | 4,99,900 | 0 |
| | 2022-23 | 7,20,599 | 69/23-ആംബുലൻസ് വാങ്ങൽ | 7,20,599 | 0 |
| | 2022-23 | 2,25,000 | 135/23-ക്ഷീരകർഷകർക്ക് സബ്സിഡി | 2,25,000 | 0 |
| | 2022-23 | 4,82,310 | 111/23-ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 4,82,310 | 0 |
| | 2022-23 | 5,68,190 | 130/23-ഹരിത കർമ്മസേനക്ക് വാഹനം | 5,68,190* | 0 |
| | ആകെ | 55,67,176 | | 55,67,176 | 0 |
| ജില്ലാപഞ്ചായത്ത് | 2022-23 | 3,99,997 | 145/23-നെൽകൃഷിവികസനം | 3,99,997 | 0 |
| | 2022-23 | 1,43,720 | 12/23-ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,43,720 | 0 |
| | 2022-23 | 75,000 | 135/23-ക്ഷീരകർഷകർക്ക് സബ്സിഡി | 75,000 | 0 |
| | 2022-23 | 13,00,000 | 118/23-ലൈഫ് മിഷൻ ഭവനപദ്ധതി | 13,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (എസ്.സി) | | |
| | 2022-23 | 14,20,000 | 84/23-ലൈഫ് ഭവന പദ്ധതി-ജനറൽ | 14,20,000 | 0 |
| | 2022-23 | 1,20,000 | 29/23-ലൈഫ് ഭവന പദ്ധതി-ജനറൽ | 1,20,000 | 0 |
| | 2022-23 | 4,65,620 | 130/23-പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,65,620 | 0 |
| | ആകെ | 39,24,337 | | 39,24,337 | |

*₹5,68,190/- ചെലവ് അക്കൗണ്ട്സിൽ വന്നിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന വായ്പ – | സർക്കാർ ഉത്തരവ് എം എസ് നം. 68/18 തീ. 18.05.2018 | 53,45,345/- | 25,73,345/- | 10,96,221/- | - | 14,77,124/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹70,49,254/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹0 |
| ആകെ | ₹70,49,254/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹70,49,254/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക(₹) |
|---|---|---|---|---|
| 1 | ഉറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 01.02.2022 | 6 മാസം | 35,24,627 |
| 2 | ഉറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 01.02.2022 | 6 മാസം | 35,24,627 |
| | ആകെ | | | 70,49,254 |

01.08.2022 ന് സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി പൂർത്തിയായെങ്കിലും യഥാസമയം പുതുക്കി നിക്ഷേപിക്കുകയുണ്ടായില്ല. വളരെ വൈകി 03.04.2023 ലാണ് 01.08.2022 മുതൽ മുൻകാല പ്രാബല്യത്തോടെ ഒരു വർഷത്തേക്ക് പുതുക്കിയിട്ടുള്ളത്. സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്ന മുറക്ക് പുതുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-39 | 2006-07 | 3-19 | മരാമത്ത്പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല | 9 പ്രവൃത്തികളിൽ 4 എണ്ണത്തിൽ കരാറുകാർ തുക തിരിച്ചടച്ചു. ബാക്കി 5 പേർ കേസ്സ് ഫയൽ ചെയ്തു. |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,33,56,687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,34,87,360 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹50,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹9,38,569 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | ചാർജ്ജ് ചെയ്യാവുന്നത് (₹) | സർചാർജ്ജ് ചെയ്യാവുന്നത (₹) | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|---|
| 1-27 (3-1) | - | 50,000 | ഷീജ ടി.ആർ, അസിസ്റ്റന്റ് സെക്രട്ടറി | പ്രതീക്ഷ ഹൗസ്, അക്കാട്ട് ലെയിൻ, തോട്ടക്കാട്ടുകര, ആലുവ, |
| ആകെ | | 50,000 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-20 | 2,00,000/- | ശ്രീമതി മനീഷ ടി.എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | പുളിയന ഹൗസ്, നടുവട്ടം പി.ഒ, അയ്യമ്പുഴ |
| 1-21 | 4,77,113/- | ശ്രീമതി ഷാജിത ബീഗം, സെക്രട്ടറി | മാങ്കുന്നിൽ വീട്, പെരിങ്ങാട്, ഇറ്റിവ പി.ഒ, ചാന്നപ്പാറ, കൊല്ലം ജില്ല. |
| 1-23 | 5,790/- | ശ്രീമതി ഷാജിത ബീഗം, സെക്രട്ടറി | മാങ്കുന്നിൽ വീട്, പെരിങ്ങാട്, ഇറ്റിവ പി.ഒ, ചാന്നപ്പാറ, കൊല്ലം ജില്ല. |
| 1-25 | 73,160/- | ഡോ. ചിത്ര വേലായുധൻ മെഡിക്കൽ ഓഫീസർ, ഹോമിയോ | ചെറുകുന്നത്ത്ഹൗസ് നം -27 ഗ്രീൻഗാർഡൻ ഹൗസിംഗ് കോളനി, ടി.ബി.ജങ്ഷൻ അങ്കമാലി |
| 1-26 | 1,82,506/- | ഡോ. സംഗീത എം.എ. മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ഉറവൂർ | നത്തേപ്പാടത്ത് വീട്, കൈതാരം (പിഒ), നോർത്ത് പറവൂർ, എറണാകുളം ജില്ല. |
| ആകെ | 9,38,569/- | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും
ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1987-88 | എൽ.എഫ്.ഇ(പി-5)178/1992/തീയതി 14/1/1992 |
| 1988-89 | എൽ.എഫ്.ഇ(പി-5)2757/1992/തീയതി 5/2/1994 |
| 1992-93 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1993-94 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1997-98 | എൽ.എഫ്.ഇ(പി-4)1220/2001/തീയതി 15/5/2002 |
| 2000-01 | എൽ.എഫ്.ഇ(പി-4)1297/04/തീയതി 18/4/2005 |
| 2001-02 വരവ് | എൽ.എഫ്.ഇ(പി-4)1298/04/തീയതി 11/4/2005 |
| 2001-02 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി-4)502/04/തീയതി 4/6/2004 |
| 2002-03 | എൽ.എഫ്.ഇ(പി-4)1299/04/തീയതി 11/4/2005 |
| 2004-05 | എൽ.എഫ്.ഇ(പി-4)201/07/തീയതി 13/3/2007 |
| 2006-07 | എൽ.എഫ്.ഇ(പി-4)1676/08/തീയതി 30/5/2009 |
| 2008-09 | എൽ.എഫ്.ഇ(പി-4)842/12/തീയതി 19/7/2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)843/12/തീയതി 19/7/2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)844/12/തീയതി 19/7/2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ(പി-4)1012/14/തീയതി 27/8/2014 |
| 2013-14& 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4എ)13/2016/ തീയതി.21/1/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.4)2144/2016/ തീയതി.08/02/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.4)1246/2017/ തീയതി.21/07/2017 |
| 2017-18 | കെ.എസ്.എ-.കെ.എം(പി.4)2043/2018/ തീയതി. 02/11/2018 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.4)3/2020/ തീയതി. 16/01/2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി.4)1910/2021/ തീയതി. 14/07/2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(പി.4)1911/2021 തീയതി. 14/07/2022 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം(പി.4)1764/2022 തീയതി. 11/11/2022 |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 30-06-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thuravoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thuravoor Grama Panchayat for the year 2022-2023

Date: 02/11/2023

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Thuravoor Grama Panchayat for the Year 2022-2023.**

**1.Major Observations**

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of âNotes on Accountsâ in Financial statements and non disclosure of material facts.

**2.Other Observations**

1. mandatory financial statements such as Ratios and Notes on Accounts prescribed in Accounting Rules were not submitted for audit.

2.Discrepancy in the Cash flow statement of Grama Panchayath for the F.Y 2022-23 as amount recorded in âNet increase/ decrease in cash and cash equivalentsâ (-)54,56,229.00) is not matched with the "Net Cash Generated By Operating+Investing+Financing Activityâ which is recoderd as (-)33,82,265.00/- Both figures should be equal as per the approved accounting standards.

3.Asset register has not been updated including the details of newly created assetes.

4.Gross surplus over expenditure is found wrongly calculated.The amount brought forward to Balance sheet is also wrong.
5.Property Tax Register does not match with financial Statements.

6.The closing balance as per the NREGS bank book is 12,859/- .But as per the cashbook it is recorded as 12,854/- . A difference of 5/- is found.

7.The balance amount kept in the SBI E-tender fees account of the Assistant Engineer, LSGD Engineering wing is not taken into account while preparing the AFS for 2022-23.
8. Central Finance Commission grant closing balance differs with the bank book and the concerned ledgers.
9.Total Block panchayath share received as per sulekha Expenditure statement differs with that in the AFS.
10.Amount paid to KSEB for Deposit works was wrongly booked under Expendituret head instead of advance head.
11. Payment voucher misclassification

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്